ഉത്തരം

(എ) തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം തടയുന്നതിന് 921.60 ലക്ഷം രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വകുപ്പിന്റെ കീഴിൽ വരുന്ന താഴെ പറയുന്ന പണികൾ ഏറ്റെടുത്തിട്ടുണ്ട്.

1. നഗരത്തിലെ പ്രധാന തോടായ വഞ്ചിയൂർ തോട്ടിൽ ചപ്പുചവറുകൾ നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലി നിർമ്മിക്കുക.
2. കരമനയാർ, കിള്ളിയാർ, ആമയിഴഞ്ചാൻ തോട് എന്നിവ കരകവിഞ്ഞൊഴുകാതിരിക്കാൻ ബണ്ട് നിർമ്മിക്കുക.
3. പട്ടംതോട്, ആറന്നൂർതോട്, കൊച്ചാർതോട് എന്നിവയുടെ പുനരുദ്ധാരണം.
4. 13 കുളങ്ങളുടെ പുനരുദ്ധാരണം.
5. ശാസ്തമംഗലം പണിക്കേഴ്സ് ലെയിൻ ഓട, ആർ.സി. ജംഗ്ഷൻ ഓട എന്നിവയുടെ പുനരുദ്ധാരണം.
6. പൂജപ്പുര വാർഡിൽ കരിത്തലയ്ക്കൽ ബണ്ടിന്റെ പുനരുദ്ധാരണം.
7. താമരത്താറ ഓട നിർമ്മാണം.
8. കുറ്റിച്ചൽ കോണം കുളത്തിന്റെ പുനരുദ്ധാരണം.

(ബി) 5 വർഷം കൊണ്ട് ഈ പണികൾ നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എത്ര ഘട്ടമായി എന്നു തീരുമാനിച്ചിട്ടില്ല.

(സി) ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കണമെങ്കിൽ തിരുവനന്തപുരം വൻകിടജലസേചന വിഭാഗത്തിന് 1106 ലക്ഷം രൂപയും ചെറുകിട ജലസേചന വിഭാഗത്തിന് 330 ലക്ഷം രൂപയും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവരെ ഈ പ്രവർത്തികൾക്ക് 730 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾമൂലം പ്രദേശത്തെ വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണം

111 (2023) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വർക്കുകളുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നും എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനു വേണ്ടി എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ ചേപ്പാട് ശുദ്ധജല വിതരണ പദ്ധതി, ആറാട്ടുപുഴ ശുദ്ധജലവിതരണ പദ്ധതി, കേന്ദ്ര ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളായ കരുവാറ്റ, ചെറുതന എന്നീ പദ്ധതികളുടെയും പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) എല്ലാ പദ്ധതികളുടെയും വിതരണ ശൃംഖല, കുഴൽകിണർ എന്നിവയുടെ പണി തീർന്നു. ആറാട്ടുപുഴ പദ്ധതിയുടെ കുഴൽക്കിണറിന്റെ പണി ഉടൻ തന്നെ തീർക്കുവാൻ നടപടി എടുത്തിട്ടുണ്ട്. ഉപരിതല സംഭരണി, പമ്പ്ഹൗസ് എന്നിവയുടെ പണി തീർക്കേണ്ടതായിട്ടുണ്ട്.

(സി) എല്ലാ പദ്ധതികളുടെയും പണി 31-12-2000-ൽ പൂർത്തീകരിക്കുവാൻ കഴിയും.

റഗുലേറ്റർ-കം-ബ്രിഡ്ജ്

112 (2024) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി പെരുമ്പുഴക്കടവ്-പൂവം തോട്ടിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയാൻ ടെണ്ടർ വിളിച്ചോ ;

(ബി) എങ്കിൽ എത്ര രൂപയ്ക്കാണ് പണി ടെണ്ടർ എഗ്രിമെന്റ് വെച്ചത് എന്നും എന്നാണ് എഗ്രിമെന്റ് വെച്ചതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പണി എന്നാണ് തുടങ്ങിയത് ;

(ഡി) ഇതിന്റെ പണി ഇപ്പോൾ മുടങ്ങിക്കിടക്കുകയാണോ ; എങ്കിൽ കാരണം എന്താണ് ;

(ഇ) പ്രസ്തുത പണി തുടർന്നു നടത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിളിച്ചിട്ടുണ്ട്.

(ബി) 8,02,611 രൂപയ്ക്ക് 23-8-1996-ൽ എഗ്രിമെന്റ് വെച്ചു.

(സി) 7-10-1996-ൽ.

LIBRARY ARCHIVES Kerala Legislative Assembly